# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

15.07.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 7664

## മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി. തിലോത്തമൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന വള്ളങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വർ ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾ കൂടുതൽ താൽപര്യം കാണിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇൻഷ്വറൻസ് കമ്പനികൾ വൻതുക പ്രീമിയമായി ആവശ്യപ്പെടുന്നത് ഒഴിവാക്കി കുറഞ്ഞ പ്രീമിയത്തിൽ മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (എ) മത്സ്യബന്ധനയാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും ലഭിക്കുന്നതിന് യാന ഉടമകൾ സ്വന്തം നിലയിൽ ഇൻഷുറൻസ് പരിരക്ഷയെടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഭാഗികമായ നാശനഷ്ടങ്ങൾ, റിപ്പയർ ഇനത്തിൽ വരുന്ന ചെലവുകൾ, മത്സ്യബന്ധന വലകൾ എന്നിവ ഈ പരിരക്ഷയിൽപ്പെടുന്നില്ല. കൂടാതെ വളരെ ഉയർന്ന നിരക്കിലുള്ള പ്രീമിയവും ആയതിനാൽ മത്സ്യത്തൊഴിലാളികൾ ഈ പദ്ധതിയിൽ താൽപര്യം കാണിക്കുന്നില്ല.<br>എല്ലാ തരത്തിലുള്ള മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയതു പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1986 ൽ ആരംഭിച്ച മത്സ്യഫെഡിന്റെ മത്സ്യബന്ധനോപകരണ പദ്ധതി ഗ്രൂപ്പടിസ്ഥാനത്തിൽ തൊഴിലാളികളെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളാക്കി പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുകയുണ്ടായി.<br>പിന്നീട് മത്സ്യഫെഡ് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ഉപകരണ സുരക്ഷാ സ്കീം നടപ്പിലാക്കി. ഈ പദ്ധതിയിൽ തൊഴിലാളികളിൽ നിന്നും ഈടാക്കേണ്ട പ്രീമിയം തുക വളരെ കുറവായിരുന്നു. പക്ഷേ ഇൻഷുറൻസ് കമ്പനി ക്ലെയിം തീർപ്പു കൽപ്പിക്കുന്ന കാര്യത്തിൽ ഗൗരവമായ വീഴ്ച വരുത്തുകയും തൊഴിലാളികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് മത്സ്യത്തൊഴി |

ലാളികൾക്ക് യഥാസമയം നഷ്ട പരിഹാര തുക ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് സ്വന്തമായി മത്സ്യബന്ധന ഉപകരണ സുരക്ഷാ സ്കീം തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുകയും സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ 2002 ൽ പദ്ധതി ആരംഭിക്കുകയും ചെയ്തത്. ഈ പദ്ധതി പ്രകാരം മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളായ തൊഴിലാളികളിൽ നിന്നും ഉപകരണങ്ങളുടെ വിലയുടെ 4% തുക മാത്രമാണ് പ്രീമിയം അടയ്ക്കേണ്ടത്. സംയോജിത മത്സ്യ വികസന പദ്ധതി വായ്പ പ്രകാരം വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് 2% പ്രീമിയം സർക്കാർ സബ്സിഡിയായി ലഭിക്കും.

(ബി) ഇൻഷ്വർ ചെയ്യപ്പെടുന്ന വള്ളങ്ങളിലും മത്സ്യബന്ധന ഉപകരണങ്ങളിലും കേടാകാത്തതും കൃത്രിമം കാണിക്കാനാവാത്തതുമായ ഇലക്ട്രോണിക് ചിപ്പുകൾ സ്ഥാപിച്ച് ഇൻഷ്വറൻസ് നടപടികൾ സുതാര്യമാക്കുവാനും കുറഞ്ഞ നിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുവാനും സർക്കാർ മുൻകൈ എടുക്കുമോ?

(ബി) ഇൻഷ്വറൻസ് ചെയ്യപ്പെടുന്ന മത്സ്യബന്ധനോപകരണങ്ങളിൽ ഇലക്ട്രോണിക് ചിപ്പുകൾ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് ഒരു വിദഗ്ധ പഠനം നടത്തിയതിനു ശേഷം പരിഗണിക്കാവുന്നതാണ്.

Jayasree

സെക്ഷൻ ഓഫീസർ